# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2794 — 17/10/2016-ൽ മറുപടിക്ക്

## വൈറൽ രോഗങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>,, മുഹമ്മദ് മുഹസിൻ പി | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| എ) | വൈറൽരോഗ പ്രതിരോധത്തിനും വൈറൽരോഗങ്ങൾ തടയുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | എ) | കൊതുകുകൾ വഴി പകരുന്ന വൈറൽ പനികളായ ഡെങ്കിപ്പനി, ചിക്കൻഗുനിയ, ജപ്പാൻ ജ്വരം തുടങ്ങിയവ പ്രതിരോധിക്കുന്നതിന് ആരോഗ്യവകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പും മറ്റു വകുപ്പുകളുമായി ചേർന്ന് മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ഡ്രൈഡേ ആചരണം ബോധവൽക്കരണം തുടങ്ങിയവ നടത്തിവരുന്നു. എച്ച്1, എൻ1 തുടങ്ങിയ വായു വഴി പകരുന്ന വൈറൽ പനികൾ പ്രതിരോധിക്കുന്നതിന് ബോധവൽക്കരണം, രോഗപരിശോധന, തൊണ്ടയിലെ സ്രവപരിശോധന തുടങ്ങിയവ നടത്തുന്നുണ്ട്. ഐ.ഡി.എസ്.പി, എച്ച്1, എൻ1 സെൽ, എൻ.വി.ബി.ഡി.സി.പി സംവിധാനം എന്നിവ ഉപയോഗിച്ച് സബ്സെന്റർ മുതൽ വിവിധ തലങ്ങളിൽ വൈറൽരോഗങ്ങൾ ബാധിച്ചവരെ കണ്ടുപിടിക്കുകയും രോഗം സ്ഥിരീകരിക്കുകയും രോഗികൾക്ക് ശരിയായ ചികിത്സ നൽകുകയും ചെയ്തുവരുന്നു. രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ദ്രുത കർമ്മസേന അന്വേഷണം നടത്തി രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. |
| ബി) | കേന്ദ്ര സർക്കാർ അനുവദിച്ച വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് എവിടെയാണ് സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | ആലപ്പുഴ ജില്ലയിൽ ഗവൺമെന്റ് റ്റി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിന്നും ഒന്നര കിലോമീറ്റർ മാറി കുറവൻതോട് എന്ന സ്ഥലത്താണ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്. |

➡

| | | | |
|---|---|---|---|
| **സി)** | വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുമോയെന്ന് അറിയിക്കുമോ? | **സി)** | ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

Seena

**സെക്ഷൻ ഓഫീസർ**